ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 14.11.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. മഹാരാഷ്ട്രയിലും, ഝാർഖണ്ഡിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. പാലക്കാടും നിയമസഭാ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം.
   **Campaigning intensifies for second phase of Assembly elections in Jharkhand and single phase polling in Maharashtra; Byelection campaign gains momentum in Palakkad Assembly constituency.**

2. ഡോമിനിക്കയുടെ പരമോന്നത ദേശിയ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ നൽകിയ പിന്തുണയ്ക്കാണ് പുരസ്കാരം.
   **Dominica has announced its highest national honour to PM Modi, in recognition of his contributions during Covid-19 pandemic.**

3. പ്രധാനമന്ത്രി നാളെ ബീഹാറിൽ ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും.
   **Prime Minister Narendra Modi will visit Jamui in Bihar tomorrow to commemorate the Janjatiya Gaurav Divas.**

4. ശിശുദിനത്തോടനുബന്ധിച്ച് നാടെങ്ങും വിപുലമായ പരിപാടികൾ. കുട്ടികളെ മികച്ച പൗരന്മാരാക്കി വളർത്തുന്നതിന്റെ പ്രാധാന്യം ശിശുദിനം നമ്മെ ഓർമിപ്പിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.
   **Children's Day is being celebrated across the country today.**

5. ഡൽഹിയിൽ വായുഗുണനിലവാരം അതീവ മോശം നിലയിൽ. പുകമഞ്ഞ് ജനജീവിതം ദുസ്സഹമാക്കുന്നു.

**The air quality in Delhi-NCR continues to be in the severe category. The city also witnessed a thick layer of smog this morning.**

6. പ്രമേഹ രോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ഇന്ന് ലോക പ്രമേഹ ദിനം.

**To highlight the shooting prevalence of diabetics, World Diabetic Day is being observed today.**

7. ഏഷ്യൻ വനിതാ ഹോക്കി മത്സരത്തിൽ ഇന്ത്യ ഇന്ന് തായ്‌ലൻഡിനെ നേരിടും.

**At the ongoing Women's Asian Hockey Champions Trophy in Bihar, hosts and defending champions India will take on Thailand in their third match at Rajgir at 4:45 this afternoon.**

*******************************************

**HEADLINE-1**

## JHARKHAND ELECTION

ഝാർഖണ്ഡിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്ന് സംസ്ഥാനത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ബൊക്കാറോ, ധൻബാദ് എന്നിവിടങ്ങളിൽ എൻ.ഡി.എ പ്രചാരണത്തിനായെത്തും. മുതിർന്ന ജെ.എം.എം നേതാവും ഝാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ ദേവ്ഘർ, ബൊക്കാറോ മണ്ഡലങ്ങളിൽ ഇന്ന് പ്രചാരണം നടത്തും. ഈ മാസം 20 നാണ് സംസ്ഥാനത്ത് രണ്ടാംഘട്ട വോട്ടെടുപ്പ്. ഇന്നലെ നടന്ന ആദ്യഘട്ട വോട്ടെടുപ്പിൽ 66 ശതമാനം പോളിങ്ങ് രേഖപ്പെടുത്തിയിരുന്നു.

*********************************

**HEADLINE-1a**

## MAHARASHTRA ELECTION

മഹാരാഷ്ട്രയിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ആവേശകരമായി പുരോഗമിക്കുകയാണ്. പ്രധാനമന്ത്രിയും, മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഛത്രപതി സംഭാജി നഗറിലും, പൻവേലിലും, മുംബൈയിലും പ്രചാരണ റാലികളെ അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി സോലാപ്പൂരിലും, ധാരാശിവിലും മഹാദ്യുതി സഖ്യത്തിനായി പ്രചാരണം നടത്തും. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് നംദുർബാരിലും, നാന്ദേഡിലും തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ ഇന്ന് ഇഗത്പുരിയിലും, പൂനെയിലും മഹാ വികാസ് അഘാഡിയ്ക്കായി പ്രചാരണം നടത്തും. എൻ.സി.പി(എസ്.പി) നേതാവ് ശരദ് പവാർ, ശിവ്സേന (യു.ബി.റ്റി) നേതാവ് ഉദ്ദവ് താക്കറേ തുടങ്ങിയ പ്രമുഖ നേതാക്കളും സംസ്ഥാനത്ത് ഊർജ്ജിതമായി പ്രചാരണം തുടരുകയാണ്. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിൽ ഈ മാസം 20 നാണ് ഒറ്റഘട്ടമായി വോട്ടെടുപ്പ്.

*********************************

**HEADLINE-1b**

## PALAKKAD (INTRO)

പാലക്കാട് നിയമസഭ ഉപതെരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടക്കുന്നതോടെ മുൻനിര നേതാക്കളെയും, താരപ്രചാരകരെയും മണ്ഡലത്തിൽ എത്തിച്ച് പ്രചാരണം കൊഴുപ്പിക്കുന്നതിനുള്ള നീക്കത്തിലാണ് മുന്നണികൾ. മൂന്ന് മുന്നണികളുടെയും പ്രധാന നേതാക്കളെല്ലാം മണ്ഡലത്തിൽ പ്രചാരണത്തിന് എത്തുന്നുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...

(വോയിസ്)

********************************

**HEADLINE-3**

## JAN JATHIYA DIVAS-PM

പ്രധാനമന്ത്രി നരേന്ദ്രമോദി ബീഹാറിലെ ജമുഅയിൽ നാളെ നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും. പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസ മുണ്ടയുടെ ജന്മ വാർഷിക ദിനമാണ് രാജ്യം ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നത്. ബിർസ മുണ്ടയുടെ സ്മരണാർത്ഥമുള്ള തപാൽസ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കും. ഗോത്രവർഗ വിഭാഗങ്ങളിലെ ഉന്നമനത്തിനായുള്ള 6,640 കോടി രൂപയുടെ വികസന പദ്ധതികൾക്കും ശ്രീ.നരേന്ദ്രമോദി തുടക്കം കുറിക്കും. രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. ഇതോടനുബന്ധിച്ച് ഇടുക്കിയിലും കാസർഗോഡും സംഘടിപ്പിക്കുന്ന പരിപാടികളിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

********************************

**HEADLINE-4**

## CHILDRENS DAY

ഇന്ന് ശിശു ദിനം. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് രാജ്യം ശിശുദിനമായി ആഘോഷിക്കുന്നത്. വിപുലമായ പരിപാടികളാണ് ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്നത്. ശിശുദിനത്തിൽ, പ്രധാന മന്ത്രി നരേന്ദ്ര മോദി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്

ആദരാഞ്ജലികൾ അർപ്പിച്ചു. കുട്ടികളെ മികച്ച പൗരന്മാരാക്കി വളർത്തുന്നതിന്റെ പ്രാധാന്യം നമ്മെ ഓർമിപ്പിക്കുകയാണ് ശിശുദിനം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ കുറിച്ചു.

*********************************

HEADLINE-5

## AIR QUALITY DELHI- NCR

ദേശീയ തലസ്ഥാനമായ ഡൽഹിയിൽ വായു ഗുണനിലവാരം ഗുരുതര വിഭാഗത്തിൽ തുടരുന്നു. ഇന്ന് രാവിലെ വായു നിലവാര സൂചികയിൽ 432 ആണ് രേഖപ്പെടുത്തിയത്. ദൂരക്കാഴ്ച മറയ്ക്കുന്ന രീതിയിൽ പുകമഞ്ഞും ഡൽഹിയിൽ രൂപപ്പെട്ടിട്ടുണ്ട്. ഹരിയാനയിലും പഞ്ചാബിലും കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്നതാണ് വായുഗുണനിലവാരം വീണ്ടും മോശമാകാൻ കാരണം.

*********************************

## COACHING INSTITUTE GUIDELINES

രാജ്യത്തെ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി. എല്ലാ കോച്ചിംഗ് സ്ഥാപനങ്ങളും അവരുടെ വിദ്യാർത്ഥികളെയും കോഴ്സുകളെയും കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ വെളിപ്പെടുത്തണമെന്ന് CCPA മാർഗ്ഗനിർദ്ദേശത്തിൽ പറയുന്നു. അതോറിറ്റി നടത്തിയ അന്വേഷണത്തിൽ രാജ്യത്തെ വിവിധ കോച്ചിംഗ് സ്ഥാപനങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വാസ്തവ വിരുദ്ധമായ വാഗ്ദാനങ്ങൾ നൽകുന്നുവെന്ന് കണ്ടെത്തിയതായി ഉപഭോക്തൃ കാര്യ സെക്രട്ടറി നിധി ഖാരെ പറഞ്ഞു.

**********************************

HEADLINE-2

## DOMINICA

ഡോമിനിക്കയുടെ പരമോന്നത ദേശിയ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ശ്രീ മോദി ഡോമിനിക്കയ്ക്ക് നൽകിയ സഹായങ്ങളും, ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികളും കണക്കിലെടുത്താണ് പുരസ്കാരം. ഗയാനയിലെ ജോർജ് ടൗണിൽ ഈ മാസം 19 മുതൽ 21 വരെ നടക്കുന്ന ഇന്ത്യ-കാരികോം ഉച്ചകോടിയിൽ ഡൊമിനിക്കൻ പ്രസിഡൻറ് സിൽവാനി ബർട്ടൺ പുരസ്കാരം സമ്മാനിക്കും.

**********************************

## PRESIDENT VISIT

രാഷ്ട്രപതി ദ്രൌപദി മുർമുവിന്റെ ദാദ്ര നഗർ ഹവേലി, ദാമൻ ദിയു സന്ദർശനം ഇന്ന് സമാപിക്കും. ഇന്നലെ സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച രാഷ്ട്രപതി വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിച്ചു.

**********************************

## SHOBHA KARANDLAJE

കേന്ദ്ര സഹ മന്ത്രി ശോഭ കരന്തലാജെ ഇന്ന് കൊച്ചി സന്ദർശിക്കും. ഉച്ചയ്ക്ക് കയർ ബോർഡ് ആസ്ഥാനത്ത് നടക്കുന്ന അവലോകന യോഗത്തിൽ കേന്ദ്ര സഹ മന്ത്രി പങ്കെടുക്കും. തുടർന്ന് ഏലൂർ പാതാളം ഇ എസ് ഐ സി ആശുപത്രിയും മന്ത്രി സന്ദർശിക്കും.

**********************************

## SABARIMALA SPECIAL TRAINS

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി 26 സ്പെഷ്യൽ ട്രെയിനുകളുടെ സർവീസ് ഒരുക്കി സൗത്ത് സെൻട്രൽ റെയിൽവേ. ട്രെയിനുകളിൽ ഫസ്റ്റ് എസി, സെക്കൻഡ് എസി, തേർഡ് എസി, സ്ലീപ്പർ, ജനറൽ സെക്കൻഡ് ക്ലാസ് കോച്ചുകൾ സജ്ജീകരിച്ചിട്ടുണ്ട്. യാത്രക്കാർ ഷെഡ്യൂളുകൾ പരിശോധിച്ച് മുൻകൂട്ടി ബുക്കിംഗ് നടത്തണമെന്ന് റെയിൽവേ അറിയിച്ചു.

********************************

**HEADLINE-6**

## DIABETES DAY

ഇന്ന് ലോക പ്രമേഹ ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന പൊതുജനാരോഗ്യ വെല്ലുവിളിയായ പ്രമേഹത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനാണ് ലോക പ്രമേഹ ദിനം ആചരിക്കുന്നത്. പ്രമേഹ പ്രതിരോധം, നേരത്തെയുള്ള രോഗനിർണയം എന്നിവയുടെ അടിയന്തിര ആവശ്യം ഉയർത്തിക്കാട്ടുന്നതിനാണ് ദിനാചരണം. "തടസ്സങ്ങൾ നീക്കാം, വിടവുകൾ നികത്താം: പ്രമേഹരോഗ നിയന്ത്രണത്തിനും രോഗികളുടെ ക്ഷേമത്തിനായി ഒരുമിക്കാം" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

********************************

## PINEAPPLE-IDUKKI (INTRO)

തുടർച്ചയായി ഭേദപ്പെട്ട വില ലഭിച്ചു തുടങ്ങിയതോടെ സംസ്ഥാനത്ത് പൈനാപ്പിൾ കൃഷിക്ക് പ്രിയമേറുന്നു. ഒരു മാസം മുമ്പ് പൈനാപ്പിൾ വില, പത്ത് വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലെത്തിയിരുന്നു. ഭൗമസൂചികാ പദവി ലഭിച്ച ഉൽപ്പന്നമായ പൈനാപ്പിളിന് വില ഉയർന്നത് കർഷകർക്ക് ആശ്വാസമാണ്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്

(വോയിസ്)

**********************************

## MCD-MAYOR POLLS

ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ മേയർ തെരഞ്ഞെടുപ്പ് ഇന്ന് നടക്കും. ബിജെപി കൗൺസിലർ സത്യ ശർമയാണ് പ്രിസൈഡിംഗ് ഓഫീസർ. 250 അംഗ മുനിസിപ്പൽ കോർപ്പറേഷനിൽ ആംആദ്മിക്ക് 127ഉം ബിജെപിക്ക് 114ഉം കൗൺസിലർമാരാണുള്ളത്. കോൺഗ്രസിന് എട്ട് കൗൺസിലർമാരുണ്ട്. എഎപിയുടെ മഹേഷ് ഖിച്ചിയും ബിജെപിയുടെ കൃഷ്ണലാലും തമ്മിലാണ് മത്സരം. ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് ബിജെപിയുടെ നിതാ ബിഷ്ടിനെതിരെ എഎപിയുടെ രവീന്ദ്ര ഭരദ്വാജ് മത്സരരംഗത്തുണ്ട്.

**********************************

HEADLINE-7

## HOCKEY

ബിഹാറിൽ നടക്കുന്ന ഏഷ്യൻ വനിതാ ഹോക്കി മത്സരത്തിൽ ഇന്ത്യ ഇന്ന് തായ്‌ലൻഡിനെ നേരിടും. ഇന്ത്യയുടെ മൂന്നാം മത്സരമാണിത്. ആദ്യ മത്സരത്തിൽ മലേഷ്യയെയും രണ്ടാം മത്സരത്തിൽ സൗത്ത് കൊറിയയേയും ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു.

**********************************

## IND VS SA T20

ദക്ഷിണാഫ്രിക്കക്കെതിരായ ഇന്ത്യയുടെ നാലാമത്തെയും അവസാനത്തെയും ട്വന്റി-20 മത്സരം നാളെ നടക്കും. ദക്ഷിണാഫ്രിക്കയിലെ വാൻഡറേഴ്സ് ക്രിക്കറ്റ്

സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ, 11 റൺസിന് വിജയിച്ചിരുന്നു. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1ന് മുന്നിലാണ്.

*
***************
*******************************************